# സ്വയം സഹായ സംഘത്തിന്റെ നിയമാവലി

1. **സംഘത്തിന്റെ പേര്** :
   **അഡ്രസ്സ്** :

2. **അംഗത്വം**

കണ്ണൂർ രൂപതാസാമൂഹ്യസേവനവിഭാഗമായ KAIROSന്റെ നേതൃത്വത്തിൽ ............................... പഞ്ചായത്തിലെ/ മുനിസിപ്പാലിറ്റിയിലെ ................................................ പ്രദേശത്തിലെ അടുത്തടുത്ത ഭവനങ്ങളിലെ സമാന ചിന്താഗതിക്കാരായ സ്ത്രീകൾ മാത്രം ഇതിൽ അംഗങ്ങളായിരിക്കും. 10 മുതൽ 20 വരെ അംഗങ്ങൾ മാത്രമേ ഒരു സംഘത്തിൽ ഉണ്ടായിരിക്കുകയുള്ളൂ. ഈ സംഘത്തിലെ അംഗം മറ്റൊരു സംഘത്തിലെ അംഗമായിരിക്കുന്നതല്ല. മൂന്നു വർഷത്തിനകം പിരിഞ്ഞു പോകുവാൻ പാടില്ല.

3. **ലക്ഷ്യം**

സംഘാംഗങ്ങളുടെ മാനസീക - സാമൂഹിക - സാമ്പത്തിക - സാംസ്ക്കാരിക ഉന്നമനം. സ്വയം തൊഴിലിലൂടെ സംഘാംഗവുമായി അവരുടെ കുടുംബവും സ്വയം പര്യാപ്തത നേടുക.

4. **കമ്മിറ്റി**

സംഘത്തിന്റെ പ്രവർത്തനത്തിനായി ഒരു സെക്രട്ടറിയും ഒരു പ്രസിഡണ്ടും ഉണ്ടായിരിക്കും. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഈ ഭാരവാഹികളുടെ കാലാവധി ഒരു കൊല്ലമാണ്.
തുടർച്ചയായ രണ്ടു വർഷത്തിനുമേൽ ഒരാൾ തന്നെ ഭാരവാഹിയായിരിക്കില്ല.
ആഴ്ച തോറുമുള്ള മീറ്റിംഗിൽ സംഘാംഗങ്ങൾ അതാത് ആഴ്ചയിലെ സമ്പാദ്യത്തുക സെക്രട്ടറിയെ ഏൽപ്പിക്കുന്നതാണ്.

6. **തീരുമാനങ്ങൾ**

സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങൾക്കും 75% അംഗങ്ങളുടെ പിന്തുണ ആവശ്യമാണ്. തീരുമാനങ്ങൾ യോഗങ്ങളിൽ വെച്ച് മാത്രം എടുക്കുന്നതായിരിക്കും.

7. **അംഗത്വഫീസ്**

സംഘത്തിലെ അംഗത്വഫീസായി ...... രൂപ ഈടാക്കുന്നതാണ്.

8. **സമ്പാദ്യം**

പ്രതിവാര മീറ്റിംഗുകളിൽ കൊണ്ടുവരുന്ന ആഴ്ചയിലെ അംഗത്തിന്റെ സമ്പാദ്യം ഞങ്ങളുടെ ചെലവിൽ നിന്നും അംഗം മിച്ചം വയ്ക്കുന്ന തുകയായിരിക്കും. ഈ ഇനത്തിൽ എല്ലാ അംഗവും ...... രൂപ വീതം നൽകുന്നതാണ്. കാലക്രമേണ ഈ തുകയ്ക്കും മാറ്റം വരുത്തുന്നതാണ്.

9. **ബാങ്കിൽ നിക്ഷേപം**

സംഘത്തിന്റെ എല്ലാ വരവുകളും ബാങ്കിൽ സംഘത്തിന്റെ പേരിലുള്ള Joint S.B. A/c ൽ നിക്ഷേപിക്കുന്നതാണ്. ഇതിനായി സംഘത്തിന്റെ പേരിൽ പ്രസിഡണ്ട്, സെക്രട്ടറി എന്നീ രണ്ടുപേർ ചേർന്നായിരിക്കും Joint A/c പ്രവർത്തിപ്പിക്കുക.

10. **പലവക ചെലവുകൾ**

സംഘത്തിന്റെ പൊതുപലവക ചെലവുകൾ നടത്തുന്നത് സംഘാംഗങ്ങൾ തന്നെയായിരിക്കും. അംഗത്വ ഫീസായി ഈടാക്കുന്ന തുക ഇതിലേയ്ക്കായി മാറ്റി വയ്ക്കുന്നതാണ്.

11. **വായ്പകൾ**

സംഘത്തിന്റെ നിക്ഷേപം സംഘത്തിന്റെ തന്നെ കൊച്ചു കൈവായ്പകളായി നൽകുന്നതാണ്. വായ്പ ആവശ്യമുള്ളവർ ആഴ്ചതോറുമുള്ള മീറ്റിംഗുകളിൽ ആവശ്യം ഉന്നയിക്കുകയും സംഘാംഗങ്ങളുടെ ഭൂരിപക്ഷ താൽപര്യത്തിനുമേൽ വായ്പ അനുവദിക്കുന്നതുമാണ്.

## ബാങ്കിൽ നിന്നും വായ്പകൾ

സംഘം തുടർച്ചയായി ആറുമാസം പ്രവർത്തിച്ച് പക്വതയാർജ്ജിച്ച സംഘാംഗങ്ങളുടെ ആവശ്യ ങ്ങൾ അടങ്ങിയ ഒരു ക്രെഡിറ്റ് പ്ലാൻ ബാങ്കിന് സമർപ്പിക്കുകയും അതുവഴി ബാങ്കിൽ നിന്നും കിട്ടുന്ന വായ്പ അംഗങ്ങൾക്കും നൽകുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന വായ്പകൾ നേരത്തെ തീരുമാനിച്ച ഉൽപ്പാദന കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നതാണ്.

## വായ്പ തിരിച്ചടവ്

അംഗങ്ങൾ അവർക്കു ലഭിച്ച വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നതാണ്. തിരിച്ചടവ് വീഴ്ച വരുത്തുന്ന അംഗങ്ങളിൽ നിന്ന് വായ്പ തുക ഈടാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

1. വായ്പക്കാരിൽ നിന്നും പിഴപലിശ ഈടാക്കുക.
2. സമ്പാദ്യ വിഹിതം വായ്പയിലേക്ക് വകമാറ്റുക.
3. പ്രേരണയും ഗ്രൂപ്പ് സമ്മർദ്ദവും ചെലുത്തുക.
4. നിയമാനുസൃതമായ ഇതര നടപടികൾ സ്വീകരിക്കുക.
5. ഓരോരുത്തർക്കും നൽകുന്ന ബാങ്ക് വായ്പ ബാങ്കുതവണക്രമത്തിൽ തിരിച്ചടയ്ക്കുന്ന താണ്.

## 12. പലിശ

വായ്പയ്ക്ക് സംഘം പലിശ ഈടാക്കുന്നതാണ്. ആവശ്യങ്ങളുടെ ഗൗരവവും അംഗങ്ങളുടെ സ്ഥിതിയുമനുസരിച്ച് പലിശ നിശ്ചയിക്കുന്നതും സംഘത്തിന്റെ യോഗതീരുമാന പ്രകാരം നടപ്പിലാക്കുന്നതുമാണ്. കൃത്യമായി തിരിച്ചടയ്ക്കാത്ത അംഗങ്ങളിൽ നിന്നും പിഴപലിശ ഈടാക്കുന്നതാണ്.

## 13. കണക്കുകളും മറ്റും സൂക്ഷിക്കുന്ന വിധം

സംഘത്തിന് കണക്ക് സൂക്ഷിക്കുന്നതിനായി താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണ്.

1. വ്യക്തിഗത പാസ് ബുക്ക്
2. പ്രതിവാര നിക്ഷേപ - വായ്പാ - വ്യക്തിഗത രജിസ്റ്റർ
3. മീറ്റിംഗ് മിനുട്സ് ബുക്ക്
4. റിപ്പോർട്ട് ബുക്ക്
5. ജനറൽ ലഡ്ജർ
6. കാഷ് ബുക്ക്
7. ബാങ്ക് പാസ് ബുക്ക്
8. ചെക്ക് ബുക്ക്
9. നിക്ഷേപം വായ്പ എന്നിവയുടെ കണക്കുകൾ

ബാങ്കുനിക്ഷേപങ്ങൽ സംബന്ധിച്ച കണക്കുകൾ ഓരോ ആഴ്ചയിലും നീക്കി ബാക്കി തുകയും പാസ് ബുക്കും മീറ്റിംഗിൽ അംഗങ്ങളുടെ പരിശോധനയ്ക്കായി വെക്കുന്നതാണ്.

## 14. മറ്റു പ്രവർത്തനങ്ങൾ

സംഘത്തിന്റെ നിയമാവലിക്കും യോഗതീരുമാനങ്ങൾക്കും അനുയോജ്യമായിരിക്കുന്ന സംഘത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായുള്ള ഏതു പരിപാടിയും സംഘം നടപ്പിലാക്കുന്നതാണ്.

## 15. അംഗത്വം നഷ്ടപ്പെടൽ

1. സ്വമേധയാ രാജിവയ്ക്കൽ
2. സംഘത്തിന്റെ ലക്ഷ്യങ്ങൾക്കും താത്പര്യങ്ങൾക്കും എതിരായി പ്രവർത്തിക്കുമ്പോൾ പിരിഞ്ഞുപോകുമ്പോൾ അംഗത്തിന് അർഹമായ സമ്പാദ്യത്തുക, പലിശ, സമ്പാദ്യ വിഹിതം എന്നിവ തിരികെ നൽകുന്നതാണ്.

| | | |
|---|---|---|
| പ്രസിഡണ്ട് | | സെക്രട്ടറി |
| പേര് | | പേര് |
| ഒപ്പ് | സീൽ | ഒപ്പ് |